ICPS4/17331/2014

സാമൂഹ്യനീതി വകുപ്പ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി:19/01/2015

## സർക്കുലർ

വിഷയം: -സാമൂഹ്യ നീതി വകുപ്പ്-ICPS- CWC,JJB-കളുടെ പ്രവർത്തനത്തിനായി അനുവദിച്ച തുക വിനിയോഗിക്കുന്നത് സംബന്ധിച്ച്.

പരാമർശം:- 1)ഐ.സി.പി.എസ്സ്. പുതുക്കിയ മാർഗനിർദേശങ്ങൾ.
2)ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ ICPS3/17331/14 തിയതി 30/07/2014.
3)ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ ICPS4/17439/14 തിയതി 14/08/2014.

മേൽസൂചന 2,3 പ്രകാരം സംസ്ഥാനത്തെ CWC/JJB-കളുടെ പ്രവർത്തനങ്ങൾക്കായി Child related expenses ഇനത്തിൽ 36000/-രൂപയും കണ്ടിജൻസി ഇനത്തിൽ 30000/-രൂപയും ചേർത്ത് ആകെ 66000/-രൂപയും അനുവദിച്ചിരുന്നു. എന്നാൽ ടി തുക പല CWC,JJB-കളിലും ഉപയോഗിച്ചതായി കാണുന്നില്ല. ടി സാഹചര്യത്തിൽ ചുവടെ പ്രതിപാദിക്കുന്ന ചെലവുകൾക്ക് മേൽപ്പറഞ്ഞ തുക വിനിയോഗിക്കാവുന്നതാണ്.

### Child related expenses

a) CWC,JJB-കളിൽ ഹാജരാകുന്ന കുട്ടികളുടെ ആഹാരം,മരുന്ന്,യാത്രാചെലവുകൾ
b) അടിയന്തിര ഘട്ടത്തിൽ ചികിത്സ ആവശ്യമുള്ള കുട്ടികൾക്ക് ചികിത്സ നൽകുക
c) കുട്ടികളുമായി ബന്ധപ്പെട്ടുണ്ടാകുന്ന മറ്റു ചെലവുകൾ.

### കണ്ടിജൻസി ഫണ്ട്

a) CWC,JJB-കളുടെ പ്രവർത്തനത്തിനാവശ്യമായ വെള്ളം,വൈദ്യുതി,ടെലഫോൺ,ഇന്റർനെറ്റ് ചാർജ്.
b) സ്റ്റേഷനറി, പോസ്റ്റേജ്,കമ്പ്യൂട്ടർ,പ്രിന്റർ എന്നിവയുടെ അറ്റകുറ്റപ്പണികൾ.
c) ദീർഘനേരം നീണ്ടുനിൽക്കുന്ന സിറ്റിങ്ങുകളിൽ CWC,JJB അംഗങ്ങൾക്ക് ചായ,ലഘുഭക്ഷണം ലഭ്യമാക്കൽ
d) പങ്കെടുക്കുന്ന കുട്ടികൾക്കും, രക്ഷകർത്താക്കൾക്കും കുടിവെള്ളം ലഭ്യമാക്കൽ
e) CWC,JJB-കളുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങൾ.

ശ്രദ്ധയും, പരിചരണവും,സുരക്ഷിതത്വവും തേടി CWC,JJB മുമ്പാകെ ഹാജരാക്കപ്പെടുന്ന കുട്ടികൾക്ക് ഏറ്റവും നല്ല രീതിയിലുള്ള സൗകാര്യങ്ങൾ നൽകേണ്ടതത്യാവശ്യമായതിനാൽ ICPS മാർഗരേഖ പ്രകാരം കുട്ടികൾക്ക് ലഭ്യമാക്കേണ്ട ആവശ്യങ്ങൾ ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

എല്ലാ ജെ.ജെ. സ്ഥാപന സൂപ്രണ്ടുമാർക്കും
എല്ലാ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്കും